ഫിഷറീസ് ടെക്നിക്കൽ സ്കൂളിലെ വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾ

73 [1669] ശ്രീ. തമ്പാനൂർ രവി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് ടെക്നിക്കൽ സ്കൂളിലെ വിദ്യാർത്ഥികൾക്ക് ഇപ്പോൾ എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകിവരുന്നത്;

(ബി) ഇത് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1. സൗജന്യതാമസസൗകര്യം
2. മെസ് ചാർജ്
3. ലംപ്സംഗ്രാന്റ്
4. പരീക്ഷാഫീസ്

(ബി, സി) 29-2-1996-ലെ സർക്കാർ ഉത്തരവ് (സാധാരണ) നം. 72/96/മത്സ്യ. പ്രകാരം മെസ് അലവൻസ് 10 രൂപയിൽ നിന്ന് 15 രൂപയാക്കി ഉയർത്തിയിട്ടുണ്ട്. മറ്റ് ആനുകൂല്യങ്ങൾ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങളുടെ തോത് ഉയർത്തുന്നതിനനുസരിച്ച് മൽസ്യത്തൊഴിലാളി വിദ്യാർത്ഥികൾക്കും ബാധകമാക്കുന്നതാണ്.

ഭൂമി ക്രയവിക്രയം

74 [1670] ശ്രീ. എ. സി. ഷൺമുഖദാസ്:
,, കെ. കൃഷ്ണൻകുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1991 ജൂലൈ ഒന്നുമുതൽ 1995 ഡിസംബർ 31 വരെ രജിസ്റ്റർ ചെയ്ത ആധാരങ്ങളിൽ 10 ലക്ഷം രൂപയ്ക്ക് മേൽ വിലവച്ച എത്ര ആധാരങ്ങൾ ഉണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ ക്രയവിക്രയത്തിൽ ഭൂമി വാങ്ങിയവരുടെ പേരുവിവരം വെളിപ്പെടുത്താമോ;

(സി) ഇവരുടെ പേരുവിവരം ആദായ നികുതി വകുപ്പിനു നൽകിയിട്ടുണ്ടോ?

ഉത്തരം

(എ, ബി, സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly